**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 570

5.7.2013 ൽ
മറുപടിയ്ക്ക്

**മാവേലി ഹോട്ടലുകൾ പുനരാരംഭിക്കാൻ പദ്ധതി**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി.പി.സജീന്ദ്രൻ :<br>ശ്രീ. വി.റ്റി.ബൽറാം :<br>ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി :<br>ശ്രീ.എം.എ.വാഹീദ് : | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| എ) മാവേലി ഹോട്ടലുക്ൾ പുനരാരംഭിക്കുവാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ ; | എ) | ഏറെ ജനോപകാരപ്രദമായ മാവേലി ഹോട്ടലുകൾ കൂടുതൽ മെച്ചപ്പെട്ട നിലയിൽ ജനപങ്കാളിത്തത്തോടെ പുനഃരാരംഭിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. |
| ബി) എന്തെല്ലാം സൗകര്യങ്ങളാണ് ഇതു വഴി ജനങ്ങൾക്ക് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നത് ; | ബി) | ജനങ്ങൾക്ക് ഗുണമേന്മയുള്ള ഭക്ഷണം കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യം. |
| സി) ഏതെല്ലാം ഏജൻസികളെയാണ് ഇതിന്റെ പ്രവർത്തനവുമായി സഹകരിപ്പിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ; | സി) | ജില്ലാപഞ്ചായത്തുകളെയും ജില്ലാ പഞ്ചായത്തുകൾ ഏൽപ്പിക്കുന്ന കുടുംബശ്രീ പോലുള്ള പൊതുജന കൂട്ടായ്മകളെയും ആണ് ഇതിന്റെ പ്രവർത്തനവുമായി സഹകരിപ്പിക്കുവാൻ ഉദ്ദേശിക്കുന്നത്. |
| ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | ഡി) | ജില്ലാപഞ്ചായത്തോ കുടുംബശ്രീ പോലുള്ള പൊതുജന കൂട്ടായ്മകളോ ഹോട്ടലുകൾ ആരംഭിക്കുന്നതിന് തയ്യാറായി മുന്നോട്ട് വന്നാൽ ഭക്ഷ്യധാന്യങ്ങളും മറ്റ് പലവ്യഞ്ജനങ്ങളും പരമാവധി വിലക്കുറവിൽ സപ്ലൈകോയിൽ നിന്നും നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതാണ്. ഇതിനായുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങളും വിശദവിവരങ്ങളും ലഭ്യമാക്കാൻ എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരോടും അഭ്യർത്ഥിച്ചിട്ടുണ്ട്. |

Beenau

സെക്ഷൻ ഓഫീസർ